പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5238 — 06.02.2014-ൽ മറുപടിയ്ക്ക്

## മഞ്ചേശ്വരം കബഡി അക്കാഡമിയുടെ പേരിൽ നടത്തിയ തട്ടിപ്പ്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ (ഉദുമ) | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
| (എ) | കാസറഗോഡ് ജില്ലയിൽ രഹസ്യമായി രൂപീകരിച്ച മഞ്ചേശ്വരം കബഡി അക്കാദമിയുടെ പേരിൽ സംസ്ഥാന കായിക യുവജനകാര്യാലയത്തിൽ നിന്ന് 6 ലക്ഷം രൂപ തട്ടിയെടുത്ത വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | കാസറഗോഡ് ജില്ലയിൽ കായിക യുവജനകാര്യ വകുപ്പിനു കീഴിൽ കബഡി അക്കാഡമി രൂപീകരിച്ചിട്ടില്ല. എന്നാൽ കാസറഗോഡ് ജില്ലാ കബഡി അസോസിയേഷൻ മുഖാന്തിരം മഞ്ചേശ്വരം കബഡി അക്കാഡമി എന്ന സ്ഥാപനത്തിന് കബഡി മാറ്റ് വാങ്ങുന്നതിനായി 31.3.13 ലെ സർക്കാർ ഉത്തരവ് 78/13/കാ.യു.വ പ്രകാരം 6 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. |
| (ബി) | ഇതു സംബന്ധിച്ച് അന്വേഷണത്തിന് ഉത്തരവിട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ; | (ബി), (സി) & (ഡി) | ഇക്കാര്യം അന്വേഷിക്കാൻ കായികവകുപ്പ് ഡയറക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |
| (സി) | പ്രാഥമിക അന്വേഷണത്തിൽ ഇതിൽ ഉൾപ്പെട്ടയാളുകളുടെ പേര് വിവരങ്ങൾ വ്യക്തമാക്കാമോ ; | | |
| (ഡി) | ഇത് അന്വേഷിക്കണമെന്ന കാസറഗോഡ് ജില്ലാ വികസന സമിതിയോഗ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കാമോ ? | | |

സെക്ഷൻ ഓഫീസർ